"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി ശ്രീ.സജീവ് കെ.ടി. യ്ക്ക് വനം-വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(ഇബി) വകുപ്പ്**

സ.ഉ.(കൈ) നം.130/2024/AGRI തീയതി,തിരുവനന്തപുരം, 15-11-2024

---

പരാമർശം:-

1. 24.05.1999-തീയതിയിലെ സ.ഉ.(പി) 12/99/ഉഭപവ.
2. 12.04.2010-തീയതിയിലെ സ.ഉ.(പി) 14/10/ഉഭപവ.
3. 26.09.2014-തീയതിയിലെ സ.ഉ.(പി) 33/2014/ഉഭപവ.
4 28.04.2018 തീയതിയിലെ സ.ഉ.(പി) 7/2018/ഉഭപവ.
5. ശ്രീ.സജീവ് കെ.ടി യുടെ 07.11.2022 ,19.04.24 എന്നീ തീയതികളിലെ അപേക്ഷകൾ.
6. 14.07.2023 തീയതിയിലെ ജി.ഒ(പി)നം. 12/2023/പി&എ ആർ ഡി.
7. പാലക്കാട് ജില്ലാ കളക്ടറുടെ 16.08.2023 ലെ DCPKD/ 6661/2023-A3നമ്പർ കത്ത്.
8. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 19.08.2023 ,28.05.2024 എന്നീ തീയ്യതികളിലെ ADFW/13092/2022-SA4 നമ്പർ കത്ത്.
9 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം) - റുടെ 09/10/2023 ലെ KFDHQ/2413/2021-ADMIN/E6 നമ്പർ കത്തും 22.11.2021 ലെ ഇ.6-2413/2020നമ്പർ കത്തും .
10. പൊതുഭരണ സർവ്വീസസ് (ഡി) വകുപ്പിന്റെ 28.10.2024 തീയതിയിലെ SD2/363/2024/GAD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ പാലക്കാട് ജില്ലയിലുള്ള മലമ്പുഴ ഹോർട്ടികൾച്ചറൽ ഡവലപ്പ്മെന്റ് ഫാമിൽ സ്ഥിരം തൊഴിലാളി ആയിരിക്കെ 13.07.2022 ന് മരണമടഞ്ഞ രാജീവ് കുമാർ കെ.ടി യുടെ മകനായ ശ്രീ.സജീവ് കെ.ടി. യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കൃഷി വകുപ്പിൽ ക്ലാസ് 3 തസ്തികയിൽ/ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിനായി പരാമർശം (5) പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും പാലക്കാട് ജില്ലാ കളക്ടർ പരിശോധിച്ച് പരാമർശം(7) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ആയത് പരിശോധിച്ച് കാർഷിക വികസന കർഷക

ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന പരാമർശം (8) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുമുണ്ടായി.

2. പാലക്കാട് ജില്ലാ കളക്ടർ പരാമർശം (7) പ്രകാരം സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ അപേക്ഷകന് 21 വയസ്സുണ്ടെന്നും (ജനനതീയതി 19.01.2001) ടിയാൾ ബി.ബി.എ പരീക്ഷ പാസായിട്ടുണ്ടെന്നും അപേക്ഷകയുടെ കുടുംബവാർഷിക വരുമാനം 3,00,000/- (മൂന്ന് ലക്ഷം രൂപ മാത്രം) രൂപയാണെന്നും പരേതനായ സർക്കാർ ഉദ്യോഗസ്ഥന്റെ ആശ്രിതരെല്ലാം ശ്രീ.സജീവ് കെ.ടി യ്ക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ടെന്നും കൂടാതെ പരേതന്റെ ആശ്രിതർക്ക് ആർക്കും തന്നെ ഈ പദ്ധതിയിൻ കീഴിൽ നിയമനം ലഭിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. പരാമർശം 1, 2, 3, 4-ലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളെല്ലാം പാലിക്കപ്പെടുന്നുണ്ട് എന്ന് കണ്ടതിനാൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീ.സജീവ് കെ.ടി യെ അനുയോജ്യമായ തസ്തികയിലേക്ക് പരിഗണിക്കാവുന്നതാണെന്ന് പാലക്കാട് ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

4. ശ്രീ.സജീവ് കെ.ടി. -യ്ക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിന് കാലതാമസം നേരിടുമെന്നും ആയതിനാൽ ടിയാന് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് ഒപ്ഷൻ മാറ്റി നിയമനം നൽകണമെന്നാവശ്യപ്പെട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന പരാമർശം (8) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയത് ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

5. ശ്രീ.സജീവ് കെ.ടി. -യെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് പരിഗണിക്കുന്നതിനുള്ള പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളതായും ശാരീരിക യോഗ്യതയും വൺ സ്റ്റാർ ടെസ്റ്റും എൻഡ്യൂറൻസ് ടെസ്റ്റും നടത്തിയതിൽ ടിയാൻ പ്രസ്തുത തസ്തികയ്ക്ക് യോഗ്യനാണെന്നും ഭരണവിഭാഗം വനം വന്യജീവി വകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്യുകയും ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ടിയാന് നിയമനത്തിന് ആവശ്യമായ ഒഴിവ് പരാമർശം (9), (10) പ്രകാരം മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട് .

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി ഡയറക്ടർ, പാലക്കാട് ജില്ലാ കളക്ടർ എന്നിവരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ശ്രീ.സജീവ് കെ.ടി യ്ക്ക് (കോഴിക്കാട്ട് തൊടി, പയ്യനേടം പി.ഒ, മണ്ണാർക്കാട്, പാലക്കാട്-678583) വനം-വന്യജീവി വകുപ്പിൽ നിലവിലുള്ളതോ ഉണ്ടാകുന്നതോ ആയ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ ഒഴിവിൽ, അപേക്ഷകൻ നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള പാലക്കാട് ജില്ലയിലോ, പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 28, 29 ലെ വ്യവസ്ഥകൾക്ക് വിധേയമായി സമീപ ജില്ലകളിലോ നിയമനം നൽകുന്നതിന് ചുവടെപ്പറയുന്ന നടപടികൾക്കും വ്യവസ്ഥകൾക്കും നിലവിലെ ചട്ടങ്ങൾക്കും വിധേയമായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം) ഓഫീസർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

i) അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ് തുടങ്ങിയവ തെളിയിക്കുന്ന രേഖകൾ പരിശോധിക്കേണ്ടതാണ്.

ii) സാധുവായ അപേക്ഷാ തീയതിയെ അടിസ്ഥാനമാക്കി, നിയമനത്തിനായുള്ള അപേക്ഷകന്റെ സീനിയോരിറ്റി വകുപ്പ് ഡയറക്ടർ കണക്കാക്കേണ്ടതുമാണ്

iii) ടിയാന്റെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് , ടിയാന്റെ പോലീസ് വെരിഫിക്കേഷൻ

റിപ്പോർട്ട്, പൂർവ്വകാല ചരിത്രം, ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

iv) പരേതനായ സർക്കാർ ജീവനക്കാരന്റെ സേവന പുസ്തകത്തിലും ജീവനക്കാരൻ അവസാനമായി ജോലി ചെയ്തിരുന്ന ഓഫീസിലെ ജീവനക്കാര്യം സംബന്ധമായ രജിസ്റ്ററിലും ഇതു സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും ഇത് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ഓഫീസ് മേധാവി/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

v) ബന്ധപ്പെട്ട നിയമനാധികാരി പരാമർശം (6) പ്രകാരമുള്ള സമ്മതപത്രം വാങ്ങി സൂക്ഷിക്കേണ്ടതും ആശ്രിത സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്നവർക്കെതിരെ ടി ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്.

7. അപേക്ഷകൻ സമർപ്പിച്ച വിശദാംശങ്ങൾ തെറ്റാണെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുകയോ, ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് ബോദ്ധ്യമാവുകയോ ചെയ്താൽ ഈ ഉത്തരവ് റദ്ദ് ചെയ്യാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം),ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
ശ്രീ.സജീവ് കെ.ടി( കോഴിക്കാട്ട്തൊടി, പയ്യനേടം പി.ഒ, മണ്ണാർക്കാട്, പാലക്കാട്-678583)
ജില്ലാ കളക്ടർ, പാലക്കാട്
പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്
പൊതുഭരണ സർവ്വീസസ് (ഡി) വകുപ്പ് (28.10.2024 തീയതിയിലെ SD2/363/2024/GAD കത്ത്. )
വനം-വന്യജീവി (എഫ്) വകുപ്പ് (30.09.2024 ലെ F3/144/2024/F&WLD )
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Divia L
Date: 18-11-2024 10:56:51
സെക്ഷൻ ഓഫീസർ